# പതിമൂന്നാം കേരള നിയമസഭ
# ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.742 12.12.2012 ൽ മറുപടിക്ക്

## വരുമാനം കുറഞ്ഞവർക്കുള്ള ചികിൽസ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.എ. നെല്ലിക്കുന്ന് | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ബി.പി.എൽ. കാരെ നിശ്ചയിച്ചതിലുള്ള അപാകതകൾ മൂലം എ.പി.എൽ. വിഭാഗത്തിൽപ്പെട്ടു പോയവർ, ആശുപത്രിയിൽ ചികിൽസയ്ക്കെത്തുമ്പോൾ അനുഭവിക്കേണ്ടി വരുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ അതു പരിഹരിച്ച് താഴ്ന്ന വരുമാനക്കാരായവർക്ക് സൗജന്യ ചികിൽസ സർക്കാർ ആശുപത്രികളിൽ ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;<br>(സി) സ്കാനിംഗ്, ലബോറട്ടറി പരിശോധനകൾ, വില കൂടിയ മരുന്നുകൾ എന്നിവയുടെ കാര്യത്തിൽ കുറഞ്ഞ വരുമാനക്കാരെങ്കിലും ബി.പി.എൽ. കാർഡ് നേടാനാവാത്തവർക്ക് സൗജന്യമായോ നാമമാത്ര തുക നൽകിയോ അവശ്യ സേവനം ഉറപ്പ് വരുത്താൻ വേണ്ട നിർദ്ദേശം നൽകുമോ ? | (ബി) യും (സി) യും രോഗികൾ താഴ്ന്ന വരുമാനക്കാരാണെന്ന് ചികിൽസിക്കുന്ന ഡോക്ടർമാർക്ക ബോധ്യപ്പെടുന്ന അവസരങ്ങളിൽ സൗജന്യ ചികിൽസ ലഭ്യമാക്കാറുണ്ട്. നിലവിൽ കുറഞ്ഞ നിരക്കിലാണ് സർക്കാർ ആശുപത്രികളിൽ പരിശോധനകൾ നടത്തി വരുന്നത്. 7.6.2012 തീയതിയിലെ സ.ഉ. (കൈ) നം.170/2012/ആ.കു.വ പ്രകാരം എ.പി.എൽ / ബി.പി.എൽ ഭേദമന്യേ (ആദായനികുതി അടയ്ക്കുന്നവർ ഒഴികെയുള്ള) ഐ.പി /ഒ.പി വ്യത്യാസമില്ലാതെ 2012 നവംബർ 1-ാം തീയതി മുതൽ എല്ലാ വിഭാഗം രോഗികൾക്കും ജനറിക് മരുന്നുകൾ സൗജന്യമായി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ